DDDKER/4998/2021-C2

ക്ഷീരവികസന വകുപ്പ് ഡയറക്ടറേറ്റ്
പട്ടം, തിരുവനന്തപുരം -695004
ഫോൺ :0471-2445749, 2445799
e-mail: dir.dairy@kerala.gov.in
cru.ddd@kerala.gov.in
തീയതി:-**27/01/2022**

**<u>സർക്കുലർ നം.48/2021</u>**

വിഷയം:- ക്ഷീര വികസന വകുപ്പ് - ക്ഷീരസഹകരണ സംഘങ്ങളുമായി ബന്ധപ്പെട്ട് - ജീവനക്കാരും ഭരണസമിതി അംഗങ്ങളും ഉൾപ്പെട്ട ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകളിൽ ക്രിമിനൽ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ -സംബന്ധിച്ച്

സൂചന :- 1) സഹകരണ സംഘം രജിസ്ട്രാറുടെ 09/06/1972 ലെ 28/72, 23/02/1979 ലെ 11/79 എന്നീ സർക്കുലർ നിർദ്ദേശങ്ങൾ.

2) സഹകരണ സംഘം രജിസ്ട്രാറുടെ 04/12/2021 ലെ 50/20 21 സർക്കുലർ നിർദ്ദേശങ്ങൾ.

1969 ലെ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളിൽ നടക്കുന്ന ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കൃത്യവിലോപം നടത്തിയ ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമപ്രകാരം നടപടി സ്വീകരിക്കുന്നതിന് പരാമർശം (1) സർക്കുലറുകൾ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ടി മാർഗ്ഗനിർദ്ദേശങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) സർക്കുലർ ഭേദഗതി ചെയ്ത് പരമാർശം (2) സർക്കുലർ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ക്ഷീരസഹകരണ സംഘങ്ങളിൽ കണ്ടെത്തുന്ന ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകളിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ചുവടെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ക്ഷീരസംഘം പരിശോധനാ വേളയിൽ ക്ഷീരസഹകരണ സംഘങ്ങളിൽ പൊതുധനത്തിന്റേയോ ആസ്തികളുടേയോ തിരിമറികൾ ശ്രദ്ധയിൽപെട്ടാൽ പ്രസ്തുത ക്രമക്കേടിൽ ഉൾപെട്ടിട്ടുള്ള തുകകൾ എത്രതന്നെയായാലും ക്രിമിനൽ നടപടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അന്വേഷണം നടത്തുന്നതിന് ക്രമക്കേട് ശ്രദ്ധയിൽപ്പെട്ട ക്ഷീരസഹകരണ സംഘത്തിന്റെ ആസ്ഥാന ഓഫീസിന്റെ പരിധിയിൽ വരുന്ന ലോക്കൽ പോലീസ് സ്റ്റേഷനിൽ സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ/തൊട്ടുമുകളിലുള്ള മേലുദ്യോഗസ്ഥൻ അറിയിക്കേണ്ടതും നിയമപ്രകാരം

അനന്തരനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ക്രമക്കേട് നടന്ന ക്ഷീരസഹകരണ സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ആഫീസർ അപ്രകാരം നടപടി സ്വീകരിക്കാത്ത പക്ഷം, പ്രാഥമിക ക്ഷീരസഹകരണ സംഘമാണെങ്കിൽ ക്ഷീരവികസന ഓഫീസർ/അസിസ്റ്റന്റ് ഡയറക്ടർ/ഡെപ്യൂട്ടി ഡയറക്ടറും മേഖലാ യൂണിയനോ ഫെഡറേഷനോ ആണെങ്കിൽ ക്ഷീരവികസന വകുപ്പ് ജോയിന്റ് ഡയറക്ടർ (ജനറൽ) ഉം മേൽ ഖണ്ഡിക പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ്. പ്രാഥമിക ക്ഷീരസഹകരണ സംഘമാണെങ്കിൽ ക്ഷീരവികസന ഓഫീസറും അപക്സ് / സെൻട്രൽ സഹകരണ സംഘങ്ങൾ എന്നിവയാണെങ്കിൽ ഡയറി രജിസ്ട്രാറും ഇപ്രകാരം ക്രമക്കേട് ശ്രദ്ധയിൽപ്പെട്ട് 7 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട ലോക്കൽ പോലീസ് സ്റ്റേഷനിൽ ക്രമക്കേട് സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ക്രമക്കേട് സംബന്ധിച്ച് ക്ഷീരസഹകരണ സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് മേൽ നിർദ്ദേശ പ്രകാരം 7 ദിവസത്തിനുള്ളിൽ ബന്ധപ്പെട്ട വിവരം അറിയിച്ച് തുടർനടപടി സ്വീകരിക്കാതിരിക്കുന്ന പക്ഷം വകുപ്പ് ഉദ്യോഗസ്ഥർ ക്രമക്കേട് സംബന്ധിച്ച വിവരം അറിയിക്കുമ്പോൾ ബന്ധപ്പെട്ട ചീഫ് എക്സിക്യൂട്ടീവിന്റെ വീഴ്ച കൂടി ക്രിമിനൽ നടപടി ക്രമത്തിലെ വ്യവസ്ഥകളുടെ ഭാഗമായി റിപ്പോർട്ട് ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. ക്രമക്കേടുകൾ കണ്ടുപിടിക്കപ്പെട്ടാൽ ബന്ധപ്പെട്ട ക്ഷീരവികസന വകുപ്പ് ഉദ്യോഗസ്ഥർ 7 ദിവസത്തിനകം പ്രാഥമിക റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ചോദ്യാവലിയിലെ (അനുബന്ധം 1) വിവരങ്ങൾ സഹിതം ബന്ധപ്പെട്ട മേലുദ്യോഗസ്ഥർക്ക് സമർപ്പിക്കേണ്ടതാണ്.

3. ക്ഷീരസഹകരണ സംഘങ്ങളിൽ ആഡിറ്റിന്റെ ഭാഗമായി ക്രമക്കേടുകൾ ആഡിറ്റർ കണ്ടെത്തുന്ന സാഹചര്യത്തിൽ പ്രാഥമിക റിപ്പോർട്ടും ചോദ്യാവലിയും (അനുബന്ധം 1) അടങ്ങിയ റിപ്പോർട്ട് ലഭ്യമായാലുടൻ തന്നെ പോലീസിൽ റിപ്പോർട്ട് ചെയ്യുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ (ഡെപ്യൂട്ടി ഡയറക്ടർ/ക്ഷീരവികസന ഓഫീസർ) റിപ്പോർട്ട് പരിശോധിച്ച് പ്രഥമദൃഷ്ട്യാ കുറ്റക്കാർക്കെതിരെ ക്രിമിനൽ നടപടി പ്രകാരം കേസ് എടുക്കേണ്ടതാണെന്ന് ബോധ്യപ്പെട്ടാൽ ബന്ധപ്പെട്ട ജില്ല ഗവൺമെന്റ് പ്ലീഡറിൽ നിന്നും ക്രിമിനൽ നടപടി നിയമ പ്രകാരം റിപ്പോർട്ട് ചെയ്യപ്പെടേണ്ട കേസാണോയെന്നത് സംബന്ധിച്ച് നിയമോപദേശം തേടേണ്ടതും കേസെടുക്കേണ്ടത് ആവശ്യമാണെന്ന് ജില്ല ഗവൺമെന്റ് പ്ലീഡർ അറിയിച്ചാൽ പ്രാഥമിക അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്രമക്കേട് സംബന്ധിച്ചും കുറ്റക്കാർ ആരൊക്കെയാണെന്നത് സംബന്ധിച്ചുമുള്ള വിവരങ്ങൾ ഉൾപ്പെടുത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട ലോക്കൽ പോലീസ് സ്റ്റേഷനിൽ ക്രിമിനൽ കേസ് ഫയൽ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇപ്രകാരം റിപ്പോർട്ട് സമർപ്പിക്കുമ്പോൾ തെളിവ്

നിയമത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമായിട്ടുള്ള പ്രാഥമിക വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും ഇപ്രകാരം ലഭ്യമായ തെളിവുകൾ നശിപ്പിക്കപ്പെടാതിരിക്കുന്നതിനാവശ്യമായ നിയമാനുസൃത മുൻകരുതലുകൾ സ്വീകരിക്കേണ്ടതുമാണ്.

4. ക്രമക്കേട് സംബന്ധിച്ച അന്തിമ റിപ്പോർട്ട് നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ പൂർത്തീകരിച്ച് നിശ്ചിത മാതൃകയിലുള്ള ചോദ്യാവലിയിൽ (അനുബന്ധം 2) ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ച് നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന ബന്ധപ്പെട്ട മേലുദ്യോഗസ്ഥർക്ക് സമർപ്പിക്കേണ്ടതാണ് . ഇപ്രകാരമുള്ള അന്തിമ റിപ്പോർട്ടിൽ സഹകരണ നിയമം, സഹകരണ ചട്ടം, ബന്ധപ്പെട്ട ക്ഷീരസംഘത്തിന്റെ നിയമാവലി എന്നിവയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സംഘത്തിനുണ്ടായ നഷ്ടം എപ്രകാരമാണ് സംഭവിച്ചിട്ടുള്ളതെന്നും ക്രമക്കേടുമൂലം സംഭവിച്ച നഷ്ടത്തിന്റെ വ്യാപ്തി എത്രത്തോളമാണെന്നും കൃത്യമായി വിലയിരുത്തി വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്. നിലവിലുള്ള ശിക്ഷാ നിയമങ്ങൾ , സഹകരണ നിയമം, ബന്ധപ്പെട്ട സംഘത്തിന്റെ നിയമാവലി എന്നിവയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഏത് തരത്തിലുള്ള ക്രമക്കേടുകളാണ് നടത്തിയിട്ടുള്ളതെന്ന് ബന്ധപ്പെട്ട നിയമ വ്യവസ്ഥകൾ ഉദ്ധരിച്ചും ആയതിന്റെ ലംഘനം വ്യക്തമാക്കിയും ആരെല്ലാം എപ്രകാരം ഇത്തരം നിയമലംഘനങ്ങൾക്ക് ഉത്തരവാദി ആയിരിക്കുന്നതെന്നും ഓരോരുത്തരും എത്ര തുകയ്ക്ക് ഉത്തരവാദികളാണെന്നും വ്യക്തമാക്കുന്ന തരത്തിൽ വിശദമായ അന്തിമ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം ലഭിച്ച റിപ്പോർട്ട് മേലുദ്യോഗസ്ഥൻ പരിശോധന നടത്തുകയും മേൽ ഖണ്ഡിക (4) പ്രകാരം പ്രാഥമിക റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലോക്കൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ പ്രസ്തുത കേസിനോടൊപ്പം തന്നെ അന്തിമ റിപ്പോർട്ട് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ 7 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്.

5. കേരള സഹകരണ സംഘം നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന വകുപ്പ് 65, 66, 68 (1) അന്വേഷണങ്ങൾ/പരിശോധനകൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള സമയം കേസിന്റെ വ്യാപ്തി കാരണമോ, മറ്റ് ഒഴിവാക്കാൻ സാധിക്കാത്ത സാഹചര്യങ്ങൾ കാരണമോ ദീർഘിപ്പിക്കേണ്ടതുണ്ടെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്ന സാഹചര്യത്തിൽ അന്വേഷണ ഉത്തരവ് പുറപ്പെടുവിച്ച ഉദ്യോഗസ്ഥൻ അന്വേഷണ ഉദ്യോഗസ്ഥനിൽ നിന്ന് ഇടക്കാല അന്വേഷണ റിപ്പോർട്ട് വാങ്ങേണ്ടതും പ്രസ്തുത ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അന്വേഷണ കാലാവധി ദീർഘിപ്പിക്കേണ്ടതുണ്ടോയെന്ന് വിലയിരുത്തേണ്ടതും ഉത്തമബോധ്യത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ആവശ്യമായ ഏറ്റവും കുറഞ്ഞ കാലയളവ് മാത്രം ദീർഘിപ്പിച്ച്

നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്.

6. ഈ സർക്കുലർ നിർദ്ദേശ പ്രകാരം നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തലത്തിലും മറ്റ് നിയമങ്ങൾക്ക് വിധേയമായും കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

Signature Not Verified
Digitally signed by V P SURESHKUMAR
Date: 2022.01.27 13:12:15 IST
Reason: Approved

**വി.പി സുരേഷ് കുമാർ**
**ഡയറക്ടർ(i/c)**
**ക്ഷീര സഹകരണ സംഘം രജിസ്ട്രാർ**

പകർപ്പ്:–

1)മാനേജിംഗ് ഡയറക്ടർ,
തിരുവനന്തപുരം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ,
എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ,
മലബാർ മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ,
കേരള കോ–ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷൻ

2)എല്ലാ ജോയിന്റ് ഡയറക്ടർമാർ

3)എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ/ക്ഷീരപരിശീലന കേന്ദ്രം പ്രിൻസിപ്പാൾമാർ/ റീജിയണൽ ലാബ് മേധാവി/സ്റ്റേറ്റ് ഫോഡർ ഫാം സൂപ്രണ്ട്

4)എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർ (ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

5)എല്ലാ ക്ഷീരസഹകരണ സംഘങ്ങൾക്കും (ഡെപ്യൂട്ടി ഡയറക്ടർ മുഖേന)

6)ഐ.ടി.സെൽ(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

7)സ്റ്റോക്ക് ഫയൽ

## അനുബന്ധം 1

## പ്രാഥമിക റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട ചോദ്യാവലി

**1.സംഘത്തിന്റെ അടിസ്ഥാന വിവരങ്ങൾ**

1. സംഘത്തിന്റെ പൂർണ്ണമായ മേൽവിലാസം
(ഫോൺ നമ്പർ, ഇ-മെയിൽ വിലാസം ഉൾപ്പെടെ)

2. സംഘത്തിന്റെ പ്രവർത്തന പരിധി

3. കേരള സഹകരണ സംഘം ചട്ടം 15 പ്രകാരം സംഘം ഏത് വിഭാഗത്തിൽ പെടുന്നു

4. നിയന്ത്രണ ഉദ്യോഗസ്ഥൻ (ഡെപ്യൂട്ടി ഡയറക്ടർ /ക്ഷീരവികസന ഓഫീസർ)

5. സംഘം ചീഫ് എക്സിക്യൂട്ടീവിന്റെ പേരും മേൽവിലാസവും
(ഫോൺ നമ്പർ, ഇ-മെയിൽ വിലാസം ഉൾപ്പെടെ)

**2.പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങൾ**

(1) കുറ്റകൃത്യത്തിന്റെ സ്വഭാവം
(ഏത് രീതിയിലുള്ള കുറ്റം)

(2) അപഹരിക്കപ്പെട്ട തുക (അക്കത്തിലും അക്ഷരത്തിലും)

3. കുറ്റകൃത്യം നടത്തിയ ആളിന്റെ/ആളുകളുടെ പേരും മേൽവിലാവസും, വീട്ട് മേൽവിലാസം (ഫോൺ നമ്പർ, ഇ-മെയിൽ വിലാസം ഉൾപ്പെടെ)

4. ഏതു സാഹചര്യത്തിൽ ടി കുറ്റകൃത്യം കണ്ടുപിടിച്ചു

5. കുറ്റകൃത്യം കണ്ടുപിടിച്ച ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, മേൽവിലാസം

6. കുറ്റകൃത്യം ആദ്യമായി കണ്ടുപിടിച്ച തീയതി

7. കുറ്റകൃത്യത്തിന്റെ സ്വഭാവവും IPC യുടെയും മറ്റ് ക്രിമിനൽ നിയമങ്ങളുടേയും ഏതെല്ലാം വകുപ്പുകൾ പ്രകാരം കുറ്റം ചെയ്ത വ്യക്തിയെ പ്രോസിക്യൂട്ട് ചെയ്യാം എന്നത്

8. കുറ്റകൃത്യം ചെയ്തവരെ പ്രോസിക്യൂട്ട് ചെയ്യാൻ ഉടനെ ലഭ്യമാകുന്ന രേഖാമൂലമുള്ള തെളിവുകളും വാമൊഴികൾ മറ്റ് സഹായ തെളിവുകൾ എന്നിവയുടെ വിവരം

9. ക്ഷീര സംഘത്തിന്റെ ഘടന, പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നിവയുടെ സംക്ഷിപ്ത വിവരണം (സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ദിനം, സംഘത്തിന്റെ പ്രധാന ഉദ്ദേശങ്ങൾ, അംഗത്വം, റിപ്പോർട്ട് വർഷം, അറ്റലാഭം/നഷ്ടം, ടി വർഷത്തെ ബാക്കി പത്രം, കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ തുകകളുടെ പട്ടിക എന്നിവ)

10. കുറ്റകൃത്യം നടത്തിയ വ്യക്തിക്കെതിരെ ബന്ധപ്പെട്ട ക്ഷീര സംഘം സ്വീകരിച്ച നടപടിയുടെ സംക്ഷിപ്തം, നടപടി സ്വീകരിച്ചിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം, കുറ്റക്കാരനെ പ്രോസിക്യൂട്ട് ചെയ്യുന്നതിനു സഹായകരമായ വസ്തുതകൾ ഉണ്ടെങ്കിൽ ആയതിന്റെ വിവരം

## അനുബന്ധം 2

### അന്തിമ റിപ്പോർട്ടിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ട ചോദ്യാവലി

1. **സംഘത്തിന്റെ അടിസ്ഥാന വിവരങ്ങൾ**
    (1) ക്ഷീര സംഘത്തിന്റെ പൂർണ്ണമായ മേൽവിലാസം
    (ഫോൺ നമ്പർ, ഇ-മെയിൽ വിലാസം ഉൾപ്പെടെ)
    (2) ക്ഷീര സംഘത്തിന്റെ പ്രവർത്തനപരിധി
    (3) കേരള സഹകരണ സംഘം ചട്ടം 15 പ്രകാരം സംഘം ഏത് വിഭാഗത്തിൽ പെടുന്നു
    (4) നിയന്ത്രണ ഉദ്യോഗസ്ഥൻ
    (ഡെപ്യൂട്ടി ഡയറക്ടർ/ക്ഷീരവികസന ഓഫീസർ)
    (5) സംഘം ചീഫ് എക്സിക്യൂട്ടീവിന്റെ പേരും മേൽവിലാസവും
    (ഫോൺ നമ്പർ, ഇ-മെയിൽ വിലാസം ഉൾപ്പെടെ)
2. **അന്തിമ അന്വേഷണത്തിൽ കണ്ടെത്തിയ വിവരങ്ങൾ**
    (1) കുറ്റകൃത്യത്തിന്റെ സ്വഭാവം
    (ഏത് രീതിയിലുള്ള കുറ്റം)
    (2) അപഹരിക്കപ്പെട്ട തുക
    (അക്കത്തിലും അക്ഷരത്തിലും)
    (3) കുറ്റകൃത്യം നടത്തിയ ആളിന്റെ/ആളുകളുടെ പേരും മേൽവിലാസവും, വീട്ട് മേൽവിലാസം (ഫോൺ നമ്പർ, ഇ-മെയിൽ വിലാസം ഉൾപ്പെടെ)
    (4) ഏതു സാഹചര്യത്തിൽ ടി കുറ്റകൃത്യം കണ്ടുപിടിച്ചു
    (5) കുറ്റകൃത്യം കണ്ടുപിടിച്ച ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, മേൽവിലാസം
    (6) കുറ്റകൃത്യം ആദ്യമായി കണ്ടുപിടിച്ച തീയതി
    (7) സഹകരണ സംഘം നിയമം 1969 ലെ ഏത് വ്യവസ്ഥ പ്രകാരമാണ് അന്വേഷണം നടത്തിയിട്ടുള്ളത്, ഉത്തരവ് നമ്പർ തീയതി, അന്വേഷണ കാലാവധി
    (8) അന്വേഷണ ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, ഔദ്യോഗിക മേൽവിലാസം, വീട്ട് മേൽവിലാസം, ഫോൺ നമ്പർ, ഇ-മെയിൽ വിലാസം
    (9) അന്വേഷണ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ ഉത്തരവ് നമ്പർ, തീയതി, അന്വേഷണ കാലാവധി
    (10) കുറ്റകൃത്യത്തിന്റെ സ്വഭാവവും ഐപിസി യുടേയും മറ്റ് ക്രിമിനൽ നിയമങ്ങളുടേയും ഏതെല്ലാം വകുപ്പുകൾ പ്രകാരം കുറ്റം ചെയ്ത വ്യക്തിയെ പ്രോസിക്യൂട്ട് ചെയ്യാം എന്നത്
    (11) പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ, പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ ആയതിന്റെ കാരണം
    (12) കുറ്റകൃത്യം ചെയ്തവരെ പ്രോസിക്യൂട്ട് ചെയ്യാൻ ഉടനെ ലഭ്യമാകുന്ന രേഖാമൂലമുള്ള തെളിവുകളും വാമൊഴികൾ മറ്റ് സഹായക തെളിവുകൾ എന്നിവയുടെ വിവരം

(13) ക്ഷീര സംഘത്തിന്റെ ഘടന, പ്രവർത്തനം, സാമ്പത്തിക സ്ഥിതി എന്നിവയുടെ സംക്ഷിപ്ത വിവരണം (സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ദിനം, സംഘത്തിന്റെ പ്രധാന ഉദ്ദേശങ്ങൾ, അംഗത്വം, റിപ്പോർട്ട് വർഷം അറ്റലാഭം/നഷ്ടം, ടി വർഷത്തെ ബാക്കി പത്രം, കിട്ടാനുള്ളതും കൊടുക്കാനുള്ളതുമായ തുകകളുടെ പട്ടിക എന്നിവ)

(14) കുറ്റകൃത്യം നടത്തിയ വ്യക്തിക്കെതിരെ ബന്ധപ്പെട്ട ക്ഷീര സംഘം സ്വീകരിച്ച നടപടിയുടെ സംക്ഷിപ്തം, നടപടി സ്വീകരിച്ചിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം, കുറ്റക്കാരനെ പ്രോസിക്യൂട്ട് ചെയ്യുന്നതിന് സഹായകരമായ വസ്തുതകൾ ഉണ്ടെങ്കിൽ ആയതിന്റെ വിവരം